## വഴിവെളിച്ചം

# ധൂർത്തിന്റെ മണിമാളികകൾ

عَنْ أَنَسٍ رضي اللهعنه قَالَ: مَرَّ رَسُولُ اللهِ ﷺ بِقُبَّة عَلَى بَابِ رَجُلٍ مِنَ الأَنْصَارِ فَقَالَ: مَا هَذه قَالُوا: قُبَّةٌ بَنَاهَا فُلاَنٌ قَالَ رَسُولُ اللهِ ﷺ: كُلُّ مَاكَانَ هَكَذَا فَهُوَ وَبَالٌ عَلَى صَاحِبِهِ يَوْمَ الْقِيَامَة فَبَلَغَ الأَنْصَارِيَّ ذَلكَ فَوَضَعَهَا فَمَرَّ النَّبِيُّ ﷺ بَعْدُ فَلَمْ يَرَهَا فَسَأَلَ عَنْهَا فَأُخْبِرَ أَنَّهُ وَضَعَهَا لِمَا بَلَغَهُ عَنْكَ فَقَالَ: يَرْحَمُهُ اللَّهُ يَرْحَمُهُ اللَّهُ

*** അനസ്(റ) നിവേദനം ചെയ്യുന്നു: അൻസ്വാരിയായ ഒരാളുടെ പടിവാതിൽക്കൽ നിർമിക്കപ്പെട്ട ഒരു കുംഭഗോപുരത്തിന് അരികിലൂടെ നബി(സ) നടന്നുപോവുകയായിരുന്നു. അവിടുന്ന് ചോദിച്ചു: 'എന്താണിത്?' അനുയായികൾ പറഞ്ഞു: 'ഇന്ന വ്യക്തി നിർമിച്ച ഗോപുരമാണ്'. നബി(സ) പറഞ്ഞു: 'അന്ത്യനാളിൽ ഇതുപോലുള്ളതെല്ലാം അത് നിർമിച്ച വ്യക്തികൾക്ക് ദോഷകരമായിത്തീരുന്നതാണ്.' വിവരമറിഞ്ഞ അൻസ്വാരി ആ ഗോപുരം പൊളിച്ചുകളഞ്ഞു. പിന്നീടൊരിക്കൽ ആ വഴിയിലൂടെ നടക്കുമ്പോൾ ഗോപുരം കാണാത്തതിനാൽ നബി(സ) അതിനെക്കുറിച്ച് അന്വേഷിച്ചു. 'താങ്കളുടെ പ്രതികരണം കേട്ടപ്പോൾ അയാളത് പൊളിച്ചുകളഞ്ഞു'വെന്ന് അവർ പ്രവാചകനെ അറിയിച്ചു. അപ്പോൾ അവിടുന്ന് പറഞ്ഞു: 'അല്ലാഹു അദ്ദേഹത്തിന് കരുണ ചെയ്യട്ടെ, അല്ലാഹു അദ്ദേഹത്തിന് കരുണ ചെയ്യട്ടെ' (ഇബ്നു മാജ 4161)**

അലങ്കാരങ്ങൾ ഇഷ്ടപ്പെടുന്ന പ്രകൃതമാണ് മനുഷ്യന്റേത്. വാസസ്ഥലവും പരിസരവും മോടിപിടിപ്പിക്കണമെന്നും അലങ്കരിക്കണമെന്നും അയാൾ ആഗ്രഹിക്കുന്നു. വസ്ത്രവും ആഭരണവും വീടുമെല്ലാം ഭംഗിയുള്ളതാവണമെന്ന് ആരാണ് ആഗ്രഹിക്കാതിരിക്കുക! ഇവയൊന്നും പാപമോ വർജിക്കപ്പെടേണ്ട തിന്മയോ അല്ലതാനും. വ്യക്തിയുടെ സഹജ താൽപര്യങ്ങളാണവ. എന്നാൽ ഭൗതികവിഭവങ്ങളോടുള്ള ജന്മസിദ്ധമായ കാമനകൾ പരിധിലംഘിക്കുകയും ധൂർത്തും ദുർവ്യയവും പൊങ്ങച്ചവും ജീവിതത്തിന്റെ അടിസ്ഥാന ഭാഗമായിത്തീരുകയും ചെയ്താൽ ഒരു സാമൂഹിക തിന്മയായി അതിനെ കാണേണ്ടിവരും. അത്തരക്കാർക്കെതിരിലുള്ള കടുത്ത താക്കീതാണ് ഈ പ്രവാചകവചനം.

വിശാലതയും സൗകര്യങ്ങളുമുള്ള വീട് ഏതൊരാളുടെയും സ്വപ്നമാണ്. മനസ്സിന് ആനന്ദവും ശരീരത്തിന് സൗഖ്യവും നൽകുന്നു നല്ല വീടുകൾ. നബി(സ) പറഞ്ഞു: "മനുഷ്യന്റെ സൗഭാഗ്യം മൂന്ന് കാര്യങ്ങളിലാണ്; നിർഭാഗ്യവും മൂന്ന് കാര്യങ്ങളിൽതന്നെ. നല്ലവളായ ഭാര്യ, സൗകര്യമുള്ള വീട്, നല്ല വാഹനം ഇവയാണ് സൗഭാഗ്യം. ചീത്തയായ ഭാര്യ, മോശമായ വീട്, കൊള്ളരുതാത്ത വാഹനം ഇവയാണ് നിർഭാഗ്യം" (അഹ്മദ്, ഹാകിം, ത്വബ്റാനി).

എന്നാൽ ആഡംബരഭ്രമവും സുഖലോലുപതയും മറ്റേതൊരു കാര്യത്തിലുമെന്നതുപോലെ വീടു നിർമാണത്തിലും ഉണ്ടാകാൻ പാടില്ലാത്തതാണ്. ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്ന സവിശേഷമായ സംസ്കാരത്തിനും ജീവിതരീതിക്കും നിരക്കുന്നതാവണം വിശ്വാസിയുടെ വീടും. അത് ധൂർത്തിന്റെയും ദുർവ്യയത്തിന്റെയും പ്രദർശനശാലയായി മാറരുത്. നബി(സ) പറഞ്ഞു: 'തനിക്ക് ആവശ്യമുള്ളതിലും കൂടുതൽ വലുപ്പത്തിൽ ഒരാൾ വീട് വെച്ചാൽ അന്ത്യനാളിൽ ആ വീട് അയാൾ ചുമലിലേറ്റുന്നതാണ്" (ത്വബ്റാനി, *മജ്മഉസ്സവാഇദ്*). അബ്ദുല്ലാഹിബ്നു മസ്ഊദിൽ നിന്നുദ്ധരിക്കപ്പെടുന്ന മറ്റൊരു പ്രവാചക വചനം: "അല്ലാഹു ഒരാൾക്ക് നാശം ഉദ്ദേശിച്ചാൽ കളിമണ്ണിലും ഇഷ്ടികക്കട്ടകളിലും അയാൾക്ക് താൽപര്യം ജനിപ്പിക്കും. അങ്ങനെ അയാൾ വീട് നിർമാണത്തിൽ വ്യാപൃതനാവാൻ തുടങ്ങും" (ത്വബ്റാനി).

വീട് പൊങ്ങച്ച പ്രകടനത്തിനും ആർഭാടത്തിനുമായിത്തീരുമ്പോഴാണ് പാപവും അനാവശ്യവുമായിത്തീരുന്നത്. പ്രവാചകന്റെ കാലത്ത് വീട്ടുവാതിൽക്കൽ കുംഭഗോപുരം പണിത ഒരു അനുയായിയെക്കുറിച്ചാണ് ഈ നബിവചനം. *സുനനു അബീദാവൂദിൽ* ഇത്ര കൂടിയുണ്ട്: "അയാൾ നബിയുടെ സന്നിധിയിൽ വരികയും സലാം ചൊല്ലുകയും ചെയ്തു. എന്നാൽ നബി(സ) സലാം മടക്കുകയോ അയാളെ പരിഗണിക്കുകയോ ചെയ്തില്ല. അവിടുന്ന് മുഖം തിരിക്കുക മാത്രം ചെയ്തു. റസൂലിന്റെ കോപത്തിന്റെ കാരണം മനസ്സിലാക്കിയ അയാൾ ഉടൻ മടങ്ങിപ്പോയി താൻ നിർമിച്ച ഗോപുരം പൊളിച്ചുകളഞ്ഞു." മറ്റൊരു സംഭവം ഇങ്ങനെയാണ്: പിതൃവ്യൻ അബ്ബാസുബ്നു അബ്ദിൽ മുത്വലിബ്(റ) ഒരു മണിമാളിക പണികഴിപ്പിച്ചതായി പ്രവാചകൻ(സ) അറിയാനിടയായി. അവിടുന്ന് പറഞ്ഞു: "താങ്കൾ അത് പൊളിച്ചുകളയുക." അബ്ബാസ് (റ) ചോദിച്ചു: "റസൂലേ, ഞാനത് പൊളിച്ചുകളയണോ, അതോ മറ്റൊരു വ്യക്തിക്ക് വിറ്റ് അതിന്റെ വില ദാനം ചെയ്യണോ?" പ്രവാചകൻ(സ) പറഞ്ഞു: "താങ്കൾ അത് പൊളിച്ചുകളഞ്ഞേക്കുക" (അബൂദാവൂദ്, ത്വബ്റാനി).

ഇസ്‌ലാം പഠിപ്പിക്കുന്ന ജീവിതശീലങ്ങളും കൊട്ടാരസംസ്കാരവും ഒത്തുപോവുകയില്ല. വീടുകൾ കൊട്ടാരങ്ങളാക്കി ധൂർത്തും ദുർവ്യയവും നടത്തുന്നവർ ഈ നബിവചനങ്ങളെക്കുറിച്ച് നന്നായി ആലോചിക്കട്ടെ.

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം അബൂദാവൂദ്, ഇബ്നു മാജ, ത്വബ്റാനി എന്നിവർ പദവ്യത്യാസങ്ങളോടെ ഈ നബിവചനം ഉദ്ധരിച്ചിരിക്കുന്നു. ഇതിന്റെ നിവേദക പരമ്പര 'ഹസൻ' ആണെന്ന് ഹദീസ് പണ്ഡിതന്മാരായ മുഹ്‌യിദ്ദീൻ ദീബ്മിസ്തു, സമീർ അഹ്മദുൽ അത്താർ, യൂസുഫ് അലി ബുദൈവി എന്നിവർ അഭിപ്രായപ്പെടുന്നു.